**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1160** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് തീരസദസ്സിൽ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം തീരദേശ ജില്ലകളിലുള്ള ഫിഷറീസ് കോളനികളിലെ അതീവ ശോചനീയാവസ്ഥയിലുള്ള 184 വീടുകളുടെ നിർമ്മാണത്തിനായി 7.36 കോടി രൂപയുടെ (യൂണിറ്റ് ഒന്നിന് 4 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ സന്നദ്ധത, ഫണ്ടിന്റെ ലഭ്യത എന്നിവ വിലയിരുത്തി മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | കോളനികളിൽ എത്ര ഇരട്ട വീടുകൾ ഉണ്ടെന്നും നിലവിൽ പ്രസ്തുത വീടുകളുടെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ? | (ബി) | ബ്ലാങ്ങാട് ഫിഷർമെൻ കോളനിയിൽ 52 ഇരട്ട വീടുകളും, എടക്കഴിയൂർ ഫിഷർമെൻ കോളനിയിൽ 10 ഇരട്ട വീടുകളും ഉണ്ട്. ഇതിൽ ഭൂരിഭാഗം വീടുകളിലും അറ്റകുറ്റപ്പണികൾ ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ